# <u>വിജ്ഞാപനം</u>

DCMPM/701/2020-LA5 കലക്ടറേറ്റ്,മലപ്പുറം

തീയതി **31/01/2020**

2019 ലെ പ്രളയത്തിൽപ്പെട്ട് നിലമ്പൂർ താലൂക്ക് പോത്തുകല്ല് വില്ലേജ് കവളപ്പാറയിൽ വീടും സ്ഥലവും നഷ്ടപ്പെടുകയോ വാസയോഗ്യമല്ലാതായിത്തീരുകയോ ചെയ്ത കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുവേണ്ടി , പോത്തുകല്ല് പഞ്ചായത്തിലോ പഞ്ചായത്ത് അതിർത്തിയിൽ നിന്ന് രണ്ട് കിലോമീറ്റർ ചുറ്റളവിൽ സമീപ പഞ്ചായത്തുകളിലോ എട്ട് മുതൽ പത്ത് ഏക്കർ വരെസ്ഥലം ആവശ്യമാണ്. കുടിവെള്ളം, റോഡ്, വൈദ്യുതി മുതലായ സൗകര്യങ്ങൾ ഉള്ളതും, വാസയോഗ്യവും യാതൊരുവിധ നിയമക്കുരുക്കുകളിലും ഉൾപ്പെടാത്തതും, ബാധ്യതകളില്ലാത്തതും, ഒരു മാതൃകാ ടൗൺഷിപ്പിന്റെ നിർമ്മാണ പ്രവർത്തികൾക്ക് അനുയോജ്യവുമായ ഭൂമി വിൽക്കാൻ തയ്യാറുള്ളവരിൽ നിന്നും നേരിട്ട് അപേക്ഷകൾ ക്ഷണിച്ചു കൊള്ളുന്നു. താല്പര്യമുള്ളവർ നികുതി രസീത്, ആധാരത്തിന്റെ പകർപ്പ്, സമ്മതപത്രം, ഉദ്ദേശിക്കുന്ന വില എന്നിവ അടക്കം **10.02.2020 ന് വൈകുന്നേരം 5.00 മണിക്ക് മുമ്പായി** സീൽചെയ്ത കവറിൽ ജില്ലാ കലക്ടർക്ക് നേരിട്ടോ റജിസ്റ്റേഡ് തപാൽ വഴിയോ അപേക്ഷ സമർപ്പിക്കേണ്ടതാണ്. ഭൂമി ഏറ്റെടുക്കൽ നിയമപ്രകാരം അടിസ്ഥാന വില നിശ്ചയിച്ച്, നെഗോസിയേഷനു ശേഷം അന്തിമ വില തീരുമാനിക്കുന്നതും ആധാരം റജിസ്റ്റർ ചെയ്ത് ഭൂമി ഏറ്റെടുക്കുന്നതുമായിരിക്കും.

ഭൂമി തെരഞ്ഞെടുക്കുന്നതിനും, ഗുണനിലവാരം നിശ്ചയിക്കുന്നതിനും ഇതിന്റെ അടിസ്ഥാനത്തിൽ അപേക്ഷകൾ പരിഗണിക്കുന്നതിനും, നിരസിക്കുന്നതിനും ജില്ലാ തല പർച്ചേസ് കമ്മിറ്റിക്ക് പൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്.

ചെയർമാൻ ,ജില്ലാ തല പർച്ചേസ് കമ്മിറ്റി&

ജില്ലാ കലക്ടർ,മലപ്പുറം

അപേക്ഷകൾ അയക്കേണ്ട വിലാസം

**ചെയർമാൻ ,ജില്ലാ തല പർച്ചേസ് കമ്മിറ്റി&**

**ജില്ലാ കലക്ടർ,**

**സിവിൽ സ്റ്റേഷൻ കലക്ടറേറ്റ് ,മലപ്പുറം**

**പിൻ-676 505**

**(ഫോൺ നമ്പർ 0483 273 9581 )**

Signature Not Verified

Digitally signed by JAFAR MALIK IAS
Date: 2020.01.31 12:40:48 IST
Reason: Approved